**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 283** **16-09-2025 - ൽ മറുപടിയ്ക്ക്**

**ആരോഗ്യരംഗത്തെ അനധികൃത പരസ്യങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ പി എസ് സുപാൽ,<br>ശ്രീമതി സി. കെ. ആശ,<br>ശ്രീ വി ശശി** | | **ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | ആരോഗ്യ സംബന്ധമായ ഉല്പന്നങ്ങൾ സംബന്ധിച്ച് സാധാരണ ജനങ്ങളെ തെറ്റിദ്ധരിപ്പിക്കുന്ന പരസ്യങ്ങൾ വർധിച്ചുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വിവിധ രോഗാവസ്ഥകൾക്ക് ഫലപ്രദമാണെന്ന് തെറ്റായ അവകാശവാദങ്ങൾ ഉന്നയിച്ചുകൊണ്ട് സാമൂഹ്യ മാധ്യമങ്ങളിലൂടെയുള്ള തെറ്റിദ്ധാരണാജനകമായ പരസ്യങ്ങൾ ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് ആയതിന്റെ അതിപ്രസരം നിയന്ത്രിക്കുന്നതിന്റെ ഭാഗമായി ഡ്രഗ്സ് കൺട്രോൾ വകുപ്പ് സംസ്ഥാന വ്യാപകമായി 'ഓപ്പറേഷൻ മാജിക്-Ad' എന്ന പേരിൽ റെയ്ഡ് നടത്തി വരുന്നു. |
| (ബി) | സാമൂഹിക മാധ്യമങ്ങളിലെ ഡയറ്റ് ഉപദേശ വീഡിയോകൾ യുവാക്കളെ വലിയതോതിൽ ബാധിക്കുന്നുണ്ടെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഭക്ഷണവുമായി ബന്ധപ്പെട്ട അസുഖങ്ങളുണ്ടാകാൻ (Eating Disorders) ഇത്തരം വീഡിയോകൾ കാരണമാകുമെന്നത് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | അശാസ്ത്രീയമായ ഡയറ്റ് ഉപദേശ വീഡിയോകളും അത് ജനങ്ങളിൽ ഉളവാക്കുന്ന ആരോഗ്യ പ്രശ്നങ്ങൾ സംബന്ധിച്ചും ആരോഗ്യ വകുപ്പ് നിലവിൽ പരിശോധന നടത്തിയിട്ടില്ല. |
| (സി) | പൊതുജനങ്ങളെ തെറ്റിദ്ധരിപ്പിക്കുന്ന ആരോഗ്യ സംബന്ധമായ പരസ്യങ്ങളിലൂടെയുള്ള നിയമലംഘനങ്ങൾക്കെതിരെ ഡ്രഗ്സ് കൺട്രോൾ വകുപ്പ് കാര്യക്ഷമമായ ഇടപെടലുകൾ നടത്തിയിട്ടുണ്ടോ; ഇക്കാര്യത്തിൽ നിയമനിർമ്മാണത്തിനുള്ള ശിപാർശകൾ ഡ്രഗ്സ് കൺട്രോൾ വകുപ്പ് സർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (സി) | ഉണ്ട്. മരുന്നുകളെ സംബന്ധിച്ച തെറ്റിദ്ധാരണാജനകമായ പരസ്യങ്ങൾ നിയന്ത്രിക്കുന്നതിലേക്കായി ഡ്രഗ്സ് & മാജിക്കൽ റെമെഡീസ് ഒബ്ജക്ഷണബിൾ അഡ്വർടൈസ്മെന്റ് ആക്ട് 1954, ഡ്രഗ്സ് & മാജിക്കൽ റെമെഡീസ് ഒബ്ജക്ഷണബിൾ അഡ്വർടൈസ്മെന്റ് റൂൾസ് 1955 എന്നിവ നിലവിലുണ്ട്. ടി നിയമം നടപ്പിലാക്കുന്നതിലേക്കായി 1955 ലെ ഡ്രഗ്സ് ആൻഡ് മാജിക് റെമഡീസ് (ഒബ്ജക്ഷനബിൾ അഡ്വർടൈസ്മെന്റ്) ചട്ടങ്ങളിലെ റൂൾ 3 പ്രകാരം ഡ്രഗ്സ് ഇൻസ്പെക്ടർമാരുടെ റാങ്കിലുള്ളതും അതിനു മുകളിലുള്ളതുമായ ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തി ഡ്രഗ്സ് കൺട്രോൾ വകുപ്പ് വിജ്ഞാപനം ചെയ്തിട്ടുണ്ട്. |

വിവിധ രോഗാവസ്ഥകൾക്ക് ഫലപ്രദമാണെന്ന് തെറ്റായ അവകാശവാദങ്ങൾ ഉന്നയിച്ചുകൊണ്ട് സാമൂഹ്യ മാധ്യമങ്ങളിലൂടെയുള്ള തെറ്റിദ്ധാരണാജനകമായ പരസ്യങ്ങൾ ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് ആയതിന്റെ അതിപ്രസരണം നിയന്ത്രിക്കുന്നതിന്റെ ഭാഗമായി ഡ്രഗ്സ് കൺട്രോൾ വകുപ്പ് സംസ്ഥാന വ്യാപകമായി 'ഓപ്പറേഷൻ മാജിക്-Ad' എന്ന പേരിൽ റെയ്ഡ് നടത്തി വരുന്നു. പ്രസ്തുത റെയ്ഡിൽ, വിവിധ ജില്ലകളിലായി നിരവധി സ്ഥാപനങ്ങളിൽ പരിശോധന നടത്തുകയും ഡ്രഗ്സ് & മാജിക്കൽ റെമഡീസ് ഒബ്ജക്ഷണബിൾ അഡ്വർടൈസ്മെന്റ് ആക്ട് 1954 നിഷ്കർഷിക്കുന്ന മാനദണ്ഡങ്ങൾ പാലിക്കാതെ പരസ്യം ചെയ്ത് നിർമ്മിച്ച് വിതരണം നടത്തിവന്നിരുന്ന ഉത്പന്നങ്ങൾ കണ്ടുകെട്ടുകയും നിർമ്മാതാക്കൾ/ വിതരണക്കാർക്കെതിരെ നിയമ നടപടികൾ സ്വീകരിക്കുകയും ചെയ്തു. ഇപ്രകാരം സംസ്ഥാനത്ത് നടത്തിയ പരിശോധനയിൽ 25 ഓളം കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

ഡ്രഗ്സ് & മാജിക്കൽ റെമഡീസ് ഒബ്ജക്ഷണബിൾ അഡ്വർടൈസ്മെന്റ് ആക്ട് പ്രകാരം ക്യാൻസർ, പ്രമേഹം, അപസ്മാരം, ഹൃദ്രോഗം, കുഷ്ഠം, വന്ധ്യത, ലൈംഗിക ബലഹീനത തുടങ്ങി 54 ഇനം രോഗാവസ്ഥകൾ ചികിത്സിച്ച് ഭേദപ്പെടുത്താമെന്ന് അവകാശവാദങ്ങൾ ഉന്നയിച്ചുകൊണ്ട് മരുന്ന് ഉൽപ്പന്നങ്ങൾ പരസ്യപ്പെടുത്താൻ പാടുള്ളതല്ലെന്ന് നിഷ്കർഷിക്കുന്നുണ്ട്. എന്നാൽ ആയുർവേദ ചേരുവകൾ ചേർത്ത് FSSAI ലൈസൻസുകളിൽ മതിയായ ഡ്രഗ്സ് ലൈസൻസുകൾ ഇല്ലാതെ ഇത്തരം ഉത്പന്നങ്ങൾ വ്യാപകമായി സാമൂഹ്യ മാധ്യമങ്ങളിലും പത്രമാധ്യമങ്ങളുടെ ക്ലാസിഫൈഡ് വിഭാഗത്തിലും പരസ്യം ചെയ്യുന്നതായി കണ്ടുവരുന്നുണ്ട്. യാതൊരു ശാസ്ത്രീയ അടിസ്ഥാനവുമില്ലാതെ ലൈംഗിക/രഹസ്യ രോഗങ്ങളുടെ ചികിത്സ, ലൈംഗിക അവയവങ്ങളുടെ വലിപ്പം കൂട്ടാൻ എന്ന തരത്തിലുള്ള തെറ്റായ അവകാശവാദങ്ങൾ ഉന്നയിച്ചുകൊണ്ടുള്ള പരസ്യങ്ങൾ, ഇത്തരം ഉത്പന്നങ്ങളുടെയോ പരസ്യങ്ങളുടെയോ ആധികാരികത ഉറപ്പാക്കാതെ പരസ്യം ചെയ്യുന്നതുവഴി സമൂഹത്തിലെ യുവതലമുറ ഉൾപ്പെടെ ഉള്ളവർ ഇത്തരം ഉൽപ്പന്നങ്ങൾ അശാസ്ത്രീയമായി ഉപയോഗിക്കുവാൻ ഇടവരുത്തുകയും ആയത് ഉപഭോക്താക്കളുടെ ആരോഗ്യത്തിനും തദ്വാരാ ജീവനുതന്നെയും വെല്ലുവിളി ഉയർത്തുകയും ചെയ്യുന്ന സാഹചര്യമാണ് നിലനിൽക്കുന്നത്. ഓപ്പറേഷൻ മാജിക് Ad എന്ന

| | | | |
|---|---|---|---|
| | | | നടപടി വഴി ഒരു പരിധി വരെ ഇത്തരം പരസ്യങ്ങൾക്ക് തടയിടാൻ ഡ്രഗ്സ് കൺട്രോൾ വകുപ്പിന് കഴിഞ്ഞിട്ടുണ്ട്. |
| (ഡി) | ഏത് മരുന്നും ഓൺലൈനായി വാങ്ങാവുന്ന അവസ്ഥ അത്യന്തം അപകടകരമാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (ഡി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നിലവിൽ ഡ്രഗ്സ് & കോസ്മെറ്റിക് ആക്ട് 1940, ഡ്രഗ്സ് റൂൾസ് 1945 എന്നിവ പ്രകാരം ഓൺലൈൻ മരുന്ന വ്യാപാരം നിയമാധിഷ്ഠിതമല്ല. ആയതുകൊണ്ടുതന്നെ സംസ്ഥാനത്തിനകത്ത് ഇത്തരം വ്യാപാരം നടത്തുന്ന ഓൺലൈൻ പ്ലാറ്റ് ഫോമുകൾക്കെതിരെ ഡ്രഗ്സ് കൺട്രോൾ വകുപ്പ് നടപടികൾ സ്വീകരിച്ചു വരുന്നു. എറണാകുളം ജില്ലയിലുള്ള ഒരു ഔഷധ വ്യാപാരി ഓൺലൈൻ വഴി മരുന്ന് കച്ചവടം നടത്തിവന്നത് കണ്ടെത്തിയതിനെ തുടർന്ന് പ്രസ്തുത സ്ഥാപനത്തിന്റെ ലൈസൻസുകൾ വകുപ്പ് റദ്ദാക്കിയിരുന്നു. എന്നാൽ സംസ്ഥാനത്തിനു പുറത്ത് നിന്നും വ്യാപാരം നടത്തുന്ന (Operation)ഇന്ത്യ മാർട്ട്, 1 MG, നെറ്റ്മെഡ് തുടങ്ങിയ വെബ്സൈറ്റുകൾ വഴി മരുന്നുകൾ ഡോക്ടറുടെ കുറിപ്പടിയോ വിൽപ്പന ബില്ലുകളോ നൽകാതെ വിൽപ്പന നടത്തിവരുന്ന സാഹചര്യം നിലവിലുണ്ട്. ഇത്തരം സൈറ്റുകൾക്കെതിരെ നടപടി സ്വീകരിക്കുവാൻ ഡ്രഗ്സ് കൺട്രോൾ വകുപ്പിന് നിയമപരമായി സാധ്യമല്ല. സമീപകാലത്തായി തൃശ്ശൂർ, കോട്ടയം ജില്ലകളിൽ അനധികൃത മരുന്ന് വില്പനയെ തുടർന്ന് ഡ്രഗ്സ് കൺട്രോൾ വകുപ്പ് നിയമനടപടി സ്വീകരിച്ചതിൽ ഓൺലൈൻ വ്യാപാരം, കൊറിയർ സർവീസ് എന്നിവ വഴിയുള്ള സംഭരണ ഉറവിട മാർഗമാണ് ഇത്തരം കുറ്റവാളികൾ സ്വീകരിച്ചിട്ടുള്ളതെന്ന് വകുപ്പ് കണ്ടെത്തിയിട്ടുണ്ട്. ഇത്തരം ഓൺലൈൻ പ്ലാറ്റ് ഫോമുകളെ നിയന്ത്രിക്കാൻ നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ടു കൊണ്ട് ഡ്രഗ്സ് കൺട്രോൾ ജനറൽ ഓഫ് ഇന്ത്യ-യ്ക്ക്, വകുപ്പ് കത്ത് നൽകിയിട്ടുണ്ട്. |
| (ഇ) | കേരളത്തിലെ ജിമ്മുകളിൽ നിന്നും അനബോളിക് സ്റ്റിറോയ്ഡുകൾ ഉൾപ്പെടെയുള്ള അനധികൃത മരുന്നുകൾ കണ്ടെത്തിയത് ഗൗരവമായി കാണുന്നുണ്ടോ; വിശദമാക്കാമോ? | (ഇ) | കേരളത്തിലെ ജിമ്മുകളിൽ നിന്നും അനബോളിക് സ്റ്റിറോയ്ഡുകൾ ഉൾപ്പെടെയുള്ള അനധികൃത മരുന്നുകൾ കണ്ടെത്തിയത് ഡ്രഗ്സ് കൺട്രോൾ വകുപ്പ് ഗൗരവമായി കാണുന്നുണ്ട്. ജിമ്മുകളിൽ പ്രത്യേകിച്ചും ശരീര സൗന്ദര്യ മത്സരങ്ങൾ നടക്കുന്ന കാലയളവിൽ സ്റ്റിറോയ്ഡ് മരുന്നുകളുടെ ദുരുപയോഗം തടയുന്നതിനായി സംസ്ഥാന വ്യാപകമായി ഡ്രഗ്സ് കൺട്രോൾ വകുപ്പ് 'ഓപ്പറേഷൻ ശരീര സൗന്ദര്യ' എന്ന പേരിൽ നടത്തിയ റെയ്ഡിൽ 50 ഓളം ജിമ്മുകളിൽ പരിശോധന നടത്തുകയുണ്ടായി. തൃശ്ശൂരിലെ ജിം ട്രെയിനറുടെ വീട്ടിൽ നിന്നും ഒന്നര ലക്ഷത്തോളം |

| | | | |
|---|---|---|---|
| | | | വില വരുന്ന സ്റ്റിറോയ്ഡ് മരുന്നുകൾ പിടിച്ചെടുക്കുകയും നിയമനടപടി സ്വീകരിക്കുകയും ചെയ്തു. തിരുവനന്തപുരം ജില്ലയിൽ ഒരു ജിമ്മിൽ സ്റ്റിറോയ്ഡ് മരുന്നുകളുടെ അനധികൃത സ്റ്റോക്ക് കണ്ടെത്തിയതിനെ തുടർന്ന് നിയമനടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ